**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക അന്തരീക്ഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ - ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും ചെയ്യുക വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.<br><br>2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ |

നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി

ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച പ്രവർത്തനം നടന്നു വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപികരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന്

സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്‌സുമായി (ONDC) MoUഒപ്പ് വച്ചു. ONDC നെറ്റ്‌വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 1വരെയുള്ള കാലയളവിൽ, സംസ്ഥാനത്ത് ആകെ 300,244 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇത് വഴി 19446.93 കോടി രൂപയുടെ നിക്ഷേപവും 638,361 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി **MSME ഇൻഷുറൻസ് പദ്ധതി** നടപ്പിലാക്കിയിട്ടുണ്ട്. MSME- കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടികാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ആണ് നടപ്പിലാകുന്നത്.

താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ**,** ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (**One Local body One Product-OLOP)** എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം

നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, **മിഷൻ 1000** എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 213 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം സർക്കാർ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ

വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ഡെവലപ്പ്മെന്റ് ഏരിയ/ ഡെവലപ്പ്മെന്റ് പ്ലോട്ടിലെ ലാൻഡ് അലോട്ട്മെന്റ്, കൈമാറ്റം ചെയ്യൽ, പട്ടയം നൽകൽ എന്നിവ സുഗമമാക്കുന്നതിലേയ്ക്കായി 2023-ൽ പുതിയ ലാൻഡ് റൂൾ നിലവിൽ വന്നു.

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്നതിലേയ്ക്കായി 2023-ൽ പുതിയ ഗാല റൂൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനം നേരിടുന്ന, വ്യവസായ ഭൂമിയുടെ ദൗർലഭ്യത്തിന് പരിഹാരം കാണുന്നതിനായി GO(MS) No. 31/2022/ID തീയതി 02/04/2022 ഉത്തരവ് (പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022) പ്രകാരം അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്വകാര്യ വ്യവസായ പാർക്കുകളും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളും (SDF) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പദ്ധതിയിൽ ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു സ്വകാര്യ പാർക്കിന് സർക്കാർ ധനസഹായം നൽകുന്നു. ടി പദ്ധതി പ്രകാരം ഇതുവരെ 30 അപേക്ഷകൾക്ക് ഡെവലപ്പർ പെർമിറ്റിനായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നത/സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി, സ.ഉ.(കൈ) നം. 16/2024/ID തീയതി 29/02/2024 പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്കീം നിലവിൽ വന്നു.

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്വ വ്യവസായത്തെയും ഉത്തവാദിത്വ നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ വനിതാ സംരംഭകർ ഉൾപ്പെടെയുള്ള സംരംഭകരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും വേണ്ടി സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023.<br><br>സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാവിഭാഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ഈ പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാകുവാനും വ്യവസായ നയത്തിന് കഴിയും. പുതിയ വ്യാവസായ നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥിര മൂലധനത്തിന് 10 കോടി രൂപ വരെ 10% നിക്ഷേപ സബ്സിഡി, വ്യവസായ വിപ്ലവം 4.0 ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് (നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് അനാലിസിസ്സ്, തുടങ്ങിയവ) സംരംഭങ്ങൾ ചിലവാക്കുന്ന തുകയുടെ 20%, പരമാവധി 25 ലക്ഷം രൂപ വരെ തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സംസ്ഥാന സർക്കാരിന്റെ വ്യവസായ പാർക്കുകളിലും, സർക്കാരിന്റെ അംഗീകാരമുള്ള പ്രൈവറ്റ് ഇൻഡസ്ട്രി പാർക്കുകളിലും രജിസ്ട്രേഷൻ ചാർജിൽ 100% ഇളവ് കൂടാതെ സംസ്ഥാനത്ത് എവിടെയും സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്ക് വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും 100% ഇളവ്, എം.എസ്.എം.ഇ ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന GST വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പുതിയ വ്യവസായ നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. |
| (ബി) | വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ, 2018 ൽ 28ാം സ്ഥാനത്തായിരുന്ന സംസ്ഥാനത്തെ 2024 ൽ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനുവേണ്ടി | (ബി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വിവിധ നിയമ നിർമ്മാണങ്ങളും, നിയമഭേദഗതികളും സർക്കാർ |

എന്തെല്ലാം മാറ്റങ്ങൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ;

നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതാത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ ഉൾപ്പെടാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച്, കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ വകുപ്പുകളുടെ ഓൺലൈൻ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് നടപ്പിൽ വരുത്തിയ അനവധി ഓൺലൈൻ പരിഷ്കാരങ്ങൾ, വിവിധ സ്ഥാപനങ്ങളിലായി ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം, വ്യവസായങ്ങൾ

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ആയി ബന്ധപ്പെട്ട്, കാലഹരണപ്പെട്ടതും യുക്തിരഹിവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ ഒട്ടനവധി പരിഷ്കരണങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>അതോടൊപ്പം, മുൻകാലങ്ങളിൽ വ്യവസായ സംരംഭകരുടെ ഭാഗത്തുനിന്നും, സർക്കാർ നടപ്പിലാക്കിയ പരിഷ്കരണങ്ങൾക്ക് മികച്ച പ്രതികരണം ലഭിക്കാതിരുന്നതാണ് വ്യവസായ സൗഹൃദ സൂചികയിൽ സംസ്ഥാനം പുറകിലാവാനുള്ള കാരണമെന്ന് മനസ്സിലാക്കി, കൃത്യമായി സംരംഭകരെ വിശ്വാസത്തിലെടുത്ത് ആവശ്യമായ മേഖലകളിലെല്ലാം തിരുത്തൽ നടപടികൾ സ്വീകരിക്കാനും, സംസ്ഥാനത്തിന് സാധിച്ചു. ഇവയുടെയൊക്കെ പരിണിതഫലമായി, 22 വകുപ്പുകൾ/ഏജൻസികളിൽ, 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ (261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും, 91 എണ്ണം പൗരകേന്ദ്രീകൃതവും) ഉണ്ടായിരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.റ്റി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. |
| (സി) | നിലവിൽ വിദേശ നിക്ഷേപകരെ സ്വീകരിക്കുന്നതിൽ പുതിയതായി എന്തെല്ലാം മാറ്റങ്ങൾ വ്യാവസായിക അന്തരീക്ഷത്തിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | വിദേശ നിക്ഷേപകർ ഉൾപ്പെടെയുള്ള സംരംഭകരെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിട്ടുണ്ട്.<br><br>സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ |

ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19-ാം നമ്പർ ആക്ട് പ്രകാരം, 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തേക്ക് വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. ടി പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകന യോഗങ്ങൾ വകുപ്പ് മന്ത്രിയുടെയും, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും, മാനേജിങ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി-യുടെയും നേതൃത്വത്തിൽ സമയാസമയങ്ങളിൽ നടന്നു വരുന്നുണ്ട്. കൂടാതെ ജനറൽ മാനേജറുടെ നേതൃത്വത്തിൽ കെ.എസ്.ഐ.ഡി.സി.യുടെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ടീമും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽ കണ്ട് സംസ്ഥാനത്തേക്ക് വ്യവസായം / നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തി വരുന്നു. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ പ്രസ്തുത

| | | | |
|---|---|---|---|
| | | | പരിപാടികൾ പ്രധാന പങ്ക് വഹിക്കുന്നു. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകളും അവസാന ഘട്ടത്തിലാണ്. മറ്റുള്ളവ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പോയ് കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ